## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3900

24.06.2014-ൽ
മറുപടിയ്ക്ക്

## ബേപ്പൂർ മണ്ഡലത്തിലെ ചാലിയത്ത് ഫിഷ് ലാന്റിംഗ് സെന്റർ

| ചോദ്യം<br>ശ്രീ. എളമരം കരീം | മറുപടി<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ബേപ്പൂർ മണ്ഡലത്തിലെ ചാലിയത്ത് ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്ന പദ്ധതി കിൻഫ്ര ഏറ്റെടുത്തിട്ടുണ്ടോ; | (എ) ബേപ്പൂർ മണ്ഡലത്തിലെ ചാലിയത്ത് ഫിഷ് ലാന്റിംഗ് സെന്ററിനായി വനഭൂമി ഏറ്റെടുക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി അന്നത്തെ ബഹു.വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെയും വ്യവസായ മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ 30.06.2010-ൽ ഒരു യോഗം നടത്തുകയും പ്രസ്തുത യോഗതീരുമാനം അനുസരിച്ച് പ്രസ്തുത സ്ഥലം വിട്ടുകിട്ടുന്നതിനായി വനംവകുപ്പിന്റെ അനുമതിക്കുവേണ്ടി കിൻഫ്ര അപേക്ഷ നൽകുകയും വനംവകുപ്പിൽനിന്നും അനുമതി കിൻഫ്രയ്ക്ക് ലഭിക്കുകയും ചെയ്തു. പ്രസ്തുത അനുമതി പ്രകാരം വനംവകുപ്പിൽനിന്ന് നൽകുന്ന 5.1 ഏക്കർ സ്ഥലത്തിനു പകരമായി കിൻഫ്രയുടെ കൈവശം വയനാട് പാർക്കിലുള്ള 5.1 ഏക്കർ സ്ഥലം വനംവകുപ്പിന് തിരിച്ചുനൽകേണ്ടതുണ്ട്. എന്നാൽ പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട ചില നിയമതടസ്സങ്ങൾ മാറ്റിയാൽമാത്രമേ ഭൂമി വനംവകുപ്പിന് കൈമാറാൻ സാധിക്കുകയുള്ളൂ. |
| (ബി) ഇതിനായി ഏതു തീയതി മുതൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ബി) ബാംഗ്ലൂരിലുള്ള കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിലെ ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനോട് (സെൻട്രൽ) ചാലിയത്ത് ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിന് 2.0639 ഹെക്ടർ (5.1 ഏക്കർ) ഭൂമി ലഭ്യമാക്കണമെന്ന് വനംവകുപ്പിന്റെ കത്ത്പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ഇതേ തുടർന്ന് 25.10.2011 ന് ബാംഗ്ലൂരിലുള്ള ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ തത്വത്തിലുള്ള അംഗീകാരം അറിയിച്ചുകൊണ്ടുള്ള മറുപടി ലഭിച്ചു. 25.11.2011 ൽ സംസ്ഥാനത്തെ വനംവകുപ്പ് G.O.(MS) No.54/11/F&WLD ഉത്തരവുപ്രകാരം പ്രസ്തുത ഭൂമി ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി തത്വത്തിലുള്ള അംഗീകാരം നൽകികൊണ്ടുള്ള കത്ത് നൽകുകയുണ്ടായി. ഇതിന് തുടർനടപടിയെന്നോണം കിൻഫ്ര 07.02.2012 ന് കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് കൈമാറുന്ന ഭൂമിയുടെ വില ഉൾപ്പെടെയുള്ള കാര്യങ്ങൾ അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് നൽകിയിരുന്നു. തുടർന്ന് 20.03.2013 ലും കിൻഫ്ര ഇതേ ആവശ്യം ഉന്നയിച്ച് കോഴിക്കോട് ജില്ലാ ഫോറസ്റ്റ് ഓഫീസർക്ക് വീണ്ടും കത്ത് നൽകിയിരുന്നു. ഇതേ തുടർന്ന് 29.04.2014 ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കോഴിക്കോടിന്റെ മറുപടി ലഭിക്കുകയും പ്രസ്തുത കത്തിൽ നിർദ്ദേശിക്കപ്പെട്ട സ്ഥലത്ത് കൈവശക്കാരനുമായി തർക്കം നിലവിലുണ്ടെന്നും ആയതിനാൽ പ്രസ്തുത സ്ഥലം ഇതുവരെ വനംവകുപ്പ് ഏറ്റെടുത്തിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ